**Deepika**

**28 August 2018**

**Eloor; Road structure**

# റോഡുകൾ വൃത്തിയാക്കി ഏലൂർഫയർഫോഴ്സ്

**കളമശേരി:** ഏലൂർ നഗരസഭയിലേയും സമീപ പ്രദേശങ്ങളിലേയും പൊതുവഴികൾ പൂർവസ്ഥിതിയിലാക്കി ഏലൂർ ഫയർഫോഴ്സ്.

പെരിയാർ കരകവിഞ്ഞൊഴുകിയപ്പോൾ നിക്ഷേപിക്കപ്പെട്ട ചെളിയാണ് സേന കഴുകിക്കളയുന്നത്. വഴിയരികിൽ കൂടിക്കിടക്കുന്ന ചെളി ചിലയിടങ്ങളിൽ ഉദ്യോഗസ്ഥർ കോരിക്കളയുന്നുമുണ്ട്.

ഏലൂർ വള്ളംകോളിലും വടക്കേ ഏലൂക്കര റോഡുമാണ് വൃത്തിയാക്കിയത്. ഫയർ യൂണിറ്റിലെ ശക്തമായി വെള്ളം ചീറ്റുന്ന പമ്പുകൾ ഉപയോഗിച്ചാണ് ചെളി നീക്കം ചെയ്തത്.

ഏലൂക്കര മസ്ജിദിന് സമീപം നടത്തിയ റോഡ് ശുചീകരണത്തിന് ഫയർമാൻമാരായ അബ്ദുൽ സലാം, പ്രജോഷ്, രഞ്ജിത്, ബിബി എന്നിവർ പങ്കെടുത്തു. ഇനിയും ചെളി കെട്ടിനിൽക്കുന്ന റോഡുകൾ വൃത്തിയാക്കാനുള്ള ശ്രമം തുടരുമെന്ന് ഏലൂർ ഫയർഫോഴ്സ് അറിയിച്ചു.




പ്രളയബാധിത പ്രദേശങ്ങളിൽ റോഡിൽ കെട്ടിക്കിടക്കുന്ന ചെളി നീക്കം ചെയ്യുന്ന ഏലൂർ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ.